# ബറുമറിയം

ക്നാനായ കത്തോലിക്കരുടെ കല്യാണകുർബാനയുടെ അവസാനം പാടാറുള്ളതാണല്ലോ "ബറുമറിയം" എന്ന സ്തുതിപ്പ്. ഇത് 1886-ൽ പാരീസിൽനിന്നു പ്രസിദ്ധീകരിച്ച 'ക്സാവ ദസ്ളാവസ്' (Manuel de piete) എന്ന പുസ്തകത്തിൽ കാണാവുന്നതാണ് (573, 375, 876 എന്നീ പക്ഷങ്ങളിൽ). ബാബേൽക്കാരുടെ ഇടയിൽ ഉപയോഗിച്ചിരുന്ന ആരാധനക്രമം സംബന്ധിച്ച പുരാതനഗാനങ്ങളെല്ലാം ശേഖരിച്ച് ബൈജാൻ എന്ന കൽദായൻ അച്ചടിപ്പിച്ചതാണ് ഈ പുസ്തകം. ഇതിൽ ബറുമറിയം എന്ന ഗാനം ചേർത്തിരിക്കുന്നത് 'കുർബാനയിൽ ശുശ്രൂഷി അറിഞ്ഞിരിക്കേണ്ട ഗാനങ്ങളും പ്രാർത്ഥനകളും' ഉൾക്കൊള്ളുന്ന മൂന്നാം ഭാഗത്താണ്. നമ്മുടെ പുരാതനപാട്ടുകൾ എന്ന പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ബറുമറിയത്തിന്റെ അവസാനത്തെ ഏഴടികൾ ഇതിൽ കാണുന്നില്ല. ഈ സ്തുതിപ്പിനു കൊടുത്തിരിക്കുന്ന പേര് സോഗിയാസാ (സംഭാഷണരീതിയിൽ ഇടവിട്ടു പാടേണ്ട ഗാനം) എന്നാണ്.

ഈ ഗാനത്തിന്റെ ഓരോ അടിക്കുശേഷം ജനങ്ങൾ ബറുമറിയം എന്ന ആദ്യത്തെ അടി ആവർത്തിക്കാറുണ്ട്. കർത്താവിന്റെ മനുഷ്യാവതാര ചരിത്രം വിവരിക്കുന്ന ഈ ഗാനം ബാബേൽക്കാർ രണ്ടായി വിഭജിച്ചിരിക്കുന്നു. ദൈവം മനുഷ്യനായതിനെ വിവരിക്കുന്ന ആദ്യഭാഗം തിരുപ്പിറവിക്കാണ് പാടുന്നത്. രണ്ടാമത്തെ ഭാഗം ആരംഭിക്കുന്നത് കർത്താവ് യോർദ്ദാനിൽ മാമ്മോദീസാ സ്വീകരിച്ചതിനെ (ആമദ്വാബ് യോർദ്ദനാൻ) അനുസ്മരിച്ചുകൊണ്ടാണ്. ബാബേൽക്കാർ കർത്താവിന്റെ മാമ്മോദീസാ ആഘോഷിക്കുന്നത് ദനഹാത്തിരുനാളിനാകയാൽ അന്നാണ് ഈ രണ്ടാമത്തെ ഭാഗം പാടുന്നത്. (നാമും പണ്ടു ദനഹാത്തിരുനാളിനു ഘോഷിച്ചിരുന്നത് കർത്താവിന്റെ മാമ്മോദീസായാണ്. ആ തിരുനാളിന്റെ തലേ രാത്രിയിൽ ബാബേൽക്കാരെപ്പോലെ നമ്മുടെ പൂർവ്വപിതാക്കളും കർത്താവിന്റെ മാമ്മോദീസാ അനുസ്മരിച്ചുകൊണ്ട് നദിയിൽ കുളിച്ചിരുന്നു. അതുകൊണ്ടാണ് ആ തിരുനാളിന് രാക്കുളിത്തിരുനാൾ എന്നു പേരുവന്നത്). മോസൂളിനടുത്ത് ചില പള്ളികളിൽ ബറുമറിയം എന്ന സ്തുതിപ്പ് തിരുനാളുകളിൽ ദിവ്യകാരുണ്യസ്വീകരണത്തിനും പ്രദക്ഷിണത്തിനും പാടാറുണ്ട്. വിവാഹത്തെ കൂദാശയായി ഉയർത്തി അതിന് പ്രത്യേക അനുഗ്രഹം നൽകിയ കർത്താവിന്റെ രക്ഷാകരചരിത്രം വിവരിക്കുന്ന ഈ സ്തുതിപ്പ് കല്യാണ കുർബാനയുടെ അവസാനം നവദമ്പതികളെ അനുഗ്രഹിക്കുന്നതിനാണല്ലോ നാം പാടുന്നത്.

ഇതു കുറച്ചുകൂടി വ്യക്തമാക്കി സുറിയാനിരീതിയിൽതന്നെ പാടാവുന്ന വിധത്തിൽ മലയാളത്തിലാക്കിയിട്ടുണ്ട്. വിവാഹാവസരത്തിൽ സുറിയാനിയിലോ, മലയാളത്തിലോ പാടാവുന്നതാണ്.

(ജെ.വെള്ളിയാൻ)

# സുറിയാനിയിൽ

ബറുമറിയം ബറുമറിയം ബറ ആലാഹാ ദ്‌യെൽ ദസ് മറിയം
എസ്സിലദിലൻ ബറുമറിയം ബ്ഗാവു ബേസ്ലഹം ബറുമറിയം
വെസ്സാള മ്ഗുശെ ലീക്കാർ സെഗദസെ ദ്മൽക്കാ മിശിഹാ
ദ്‌യെൽ ദസ് മറിയം
ബറുമറിയം ബറുമറിയം ബറ ആലാഹാ ദ്‌യെൽ ദസ്മറിയം
ആഹെസ് ഈറെ ബറുമറിയം ല്ലകൂലാസ് യൽദ്ദെ ബറുമറിയം
ഉസമ്മൻ ല്ലറാ ആവാസാ ല്ലസെഗ്ദസെ ദ്മൽക്കാ മിശിഹാ....
ബക്കർ വാക്രാ ബറുമറിയം ല്ലനാത്രൈ ആനാ ബറുമറിയം
വസ്ഗെദ് ബുറിയാ ല്ലറായാ റമ്പാ മൽക്കാ മിശിഹാ...
ഹാവീ കൌക്കെ ബറുമറിയം അക് നിവിയൂസാ ബറുമറിയം
വെ സ്തൗ ദാവാവു മ്ഗുശൈ പാറേസ് ദനഹെസ്ലറ ആ
മൽക്കാ മിശിഹാ ദ്‌യൽ ദസ് മറിയം
അസ്സി ല്ലമൽക്കാ ബറുമറിയം വൌ ആയി ല്ലകെത്തിലെ
ബറുമറിയം
പ്ക്കദ് ല്ലാ മാലാകെ ഊസാഹറ് ല്ലയൌസേപ്പ് ദ്നർക്കിയു
ല്ല് മെസ്റേൻ മൽക്കാ മിശിഹാ ദ്‌യെൽ ദസ് മറിയം
കാറെവു ദെവുഹാ ബറുമറിയം ലാബൂയി കസിയാ ബറുമറിയം
യാന്ക്കൈഹൽബാ ദെസ് ദ്ബഹ് ബ്മേസിയെ ദ്മൽക്കാ
അമദ്‌വാ ബ്യോർദിനാൻ ബറുമറിയം മിൻ യോഹന്നാൻ
ബറുമറിയം
വനഹെസ് അലാവു റൂഹാദക്കുദിശാ മൽക്കാ മിശിഹാ...
സ ഹെദ് അലാവു ആബാ ബറുമറിയം മിൻശ്മൈ ശ്മായ്യ
ബറുമറിയം
ദ്ഹാനാവു ബേർ ദെ എസ്ത്ബ്ബീസ് മൽക്കാ മിശിഹാ
കന്തെൾ മയ്യാ ബറുമറിയം ബ് മാമ്മോദീസെ ബറുമറിയം
വാവദ് എന്നോൻ മറുബ ആ ഹസിയാദ് മൌലെദ് ഹയ്യെ
മൽക്കാ.....

അമ്മെക് നൌശെ ബറുമറിയം ദനറീംല്ലശെപ്ലൻ ബറുമറിയം
ബ് അമീൻ അവുദെ മാമ്മോദീസാ മൽക്കാ മിശിഹാ.......
തുസ്സായവുലൻ ബറുമറിയം ദ്മിക്കീകൂസാ ബറുമറിയം
ദ്ബാമ്നീഹ ലാബാദ്നെഹവെ ആഹദ്മൽക്കാ മിശിഹാ
സാം വാബ്മദുബ്ര ബറുമറിയം അർബ് ഈൗൻ യൌമ്മീൻ
ബറുമറിയം
ഉശപ്പൽവസ്കാല കേൽക്കറുസാ മൽക്കാ മിശിഹാ...
ഹാവീശൂഹെ ബറുമറിയം അൽത്തൂർ താബോർ ബറുമറിയം
വെസഹസില്ലമൂശെ ആപ്പ് ഏലിയാ മൽക്കാ മിശിഹാ....
റ്കേവു അൽ ഈൗലാ ബറുമറിയം അല്ലോർശ്ലെം ബറുമറിയം
ഉ കൽസൂനി ശൌറെ ബോശാനൈഹോൻ മൽക്കാ മിശിഹാ....
ഏകൽ പെസ്ഹാ ബറുമറിയം അംതൽ മീദാവു ബറുമറിയം
വശ്ലെം പഗറെ ബ്ലഹമ്മാ ഉഅമറാ മൽക്കാ മിശിഹാ
ഹശ്ശ ബസ്കീപ്പാ ബറുമറിയം മിൻ യൂദായെ ബറുമറിയം
അർക്കെൻ റേശെ വശ്ളെം റൂഹെ മൽക്കാ മിശിഹാ...
എത്ത്സീംബ്കൌറാ ബറുമറിയം ത്ലാസായൌമ്മീൻ
ബറുമറിയം
ഉക്കാം വക്കീമ്മെ ലാദംദൌലി മൽക്കാ മിശിഹാ.....
കാംമിൻ കൌറാ ബറുമറിയം ബ്സഹറാ റമ്പാ ബറുമറിയം
വസുകായില്ലമൌത്താ ബ്യദ് കൃംതെ മൽക്കാ മിശിഹാ....
സ്ലെക്ക്ലശുമയ്യാ ബറുമറിയം ല്ലവാസ് ശാലോഹെ
ബറുമറിയം
വീസെവു തമ്മൻ മിൻയമ്മീനാ മൽക്കാ മിശിഹാ...
ശന്തറ് റൂഹാ ബറുമറിയം പാറേക്ക്ലേത്താ ബറുമറിയം
അൽ തൽമീദെ ഉഹക്കെം എന്നോൻ മൽക്കാ മിശിഹാ...
എസ്ത്ക്കഹ് കൈസാ ബറുമറിയം ദസ്ലീബുസാക്
ബറുമറിയം
ബസ്ലത്താസറ് ബീലോൽ യറഹാ മൽക്കാ മിശിഹാ
മ്മ്കർല്ലെ കൽസാ ബറുമറിയം ഏദസ്ക്കുദിശാ ബറുമറിയം
ബ്യദ് ശെമഓൻ കേപ്പാ ബറ്യൌനാൻ മൽക്കാ മിശിഹാ....
ശൂഹാ ലശ്മാക്ബറുമറിയം മിൻകോൽ പൂമ്മീൻബറുമറിയം
നെക്ക് ഏ ഉനേമ്മറ് ബഹദാ ശവിയൂ ബ്രീകൂ മിശിഹാ....
ല്ല ആലം അൽമീൻ ബറുമറിയം ആമ്മേനുവാമ്മേൻ ബറുമറിയം.

# മലയാളത്തിൽ

ബറുമറിയം/ബറുമറിയം
ബർ ആലാഹാദ്‌യൽദസ്-മറിയം

1 സർവ്വേ-ശ സൂനു, ക- ന്യക തൻസൂ-നു
ദൈവാ-നുഗ്രഹ-മേകട്ടെ
നിങ്ങൾ-ക്കെന്നും (ബറുമറിയം)

2 ദൈവ-മാതാ-വിൽ
ജാതനാ-മീ-ശോ
ദൈവാ-നുഗ്രഹമേകട്ടെ
നിങ്ങൾ-ക്കെന്നും (ബറുമറിയം)

3 മ്ഗ്ദശേന്മാ-ർക്കാകാശേ
താരാ-മൊളി തൂകി
മിശിഹാ-തൻ തിരുവചനം
ദീ-പ, മായ്തീർന്നിടട്ടെ (ബറുമറിയം)

4 താബോ-റിൽ തേ-ജസ്സോടെ
ശോ-ഭിതനായ് മിശിഹാ
ദിവ്യാനുഗ്രഹമേകട്ടെ
നിങ്ങൾ-ക്കെന്നും (ബറുമറിയം)

5 പെസഹാ വിരുന്നി-നാ
ശിഷ്യ-ന്മാർക്കേകി
മിശിഹാ നിങ്ങൾക്കേകിടട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും (ബറുമറിയം)

6 ത്യാഗത്തിൻ വേദികയിൽ
ജീവൻ ബലി-ചെയ്തു
മിശിഹാ നിങ്ങൾക്കേകിടട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും (ബറുമറിയം)

7 വിജയത്തിൻ പൊൻ കൊടിയായ്
സ്ലീ-വായെ തീർത്തവൻ
മിശിഹാ നിങ്ങൾക്കേകിടട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും (ബറുമറിയം)

8 സ്വർഗ്ഗ-ത്തി-ലേ-യ്ക്കുയർന്നു
ത-തനോ-ടൊത്തു വാ-ണീടും
മിശിഹാ നിങ്ങൾക്കേകിടട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും (ബറുമറിയം)